പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3266

19.06.19 - ൽ മറുപടിക്ക്.

## കുടുംബശ്രീയുടെ സാമൂഹിക വികസന പരിപാടികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി വീണാ ജോർജ്ജ്<br>ശ്രീ. വി.അബ്ദുറഹിമാൻ<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.പി.ഉണ്ണി | ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) |

(എ) കുടുംബശ്രീ നടപ്പാക്കുന്ന പ്രധാന സാമൂഹിക വികസന പരിപാടികൾ എന്തെല്ലാമാണ്; വയോജന പരിപാലനത്തിനായി രൂപീകരിച്ചിട്ടുള്ള ഹർഷം പദ്ധതി വ്യാപിപ്പിക്കാൻ പരിപാടിയുണ്ടോ; എത്ര ബഡ്സ് സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്; പുതുതായി ഇത്തരത്തിലുള്ള എത്ര സ്ഥാപനങ്ങൾ തുടങ്ങുവാൻ പദ്ധതിയുണ്ട്; വിശദമാക്കാമോ;

(എ) കുടുംബശ്രീ നടപ്പാക്കുന്ന പ്രധാന സാമൂഹിക വികസന പരിപാടികളാണ് ബഡ്സ് സ്ഥാപനങ്ങൾ, അഗതിരഹിത കേരളം പദ്ധതി, ബാലസഭ, പ്രത്യാശ പദ്ധതി, തീരദേശ സൂക്ഷ്മ സംരംഭ പദ്ധതി, ഹർഷം പദ്ധതി, പട്ടികവർഗ്ഗക്കാർക്ക് വേണ്ടി പ്രത്യേക അയൽക്കൂട്ടങ്ങൾ, ബ്രിഡ്ജ് സ്കൂൾ, പരമ്പരാഗത കൃഷിവികസന പരിപാടികൾ എന്നിവ

വയോജന പരിപാലനത്തിനായി രൂപീകരിച്ചിട്ടുള്ള ഹർഷം പദ്ധതി 14 ജില്ലകളിലും വ്യാപിപ്പിക്കുന്നതിനുള്ള നടപടി കുടുംബശ്രീ സ്വീകരിച്ചിട്ടുണ്ട്.

കേരളത്തിൽ 103 ബഡ്സ് സ്കൂളുകളും 144 ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും (ബി.ആർ.സി) ആയി ആകെ 247 ബഡ്സ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. 2018-19 വർഷത്തിൽ സർക്കാർ പ്രഖ്യാപിച്ച 200 പുതിയ ബഡ്സ് സ്ഥാപനങ്ങളിൽ 39 ബഡ്സ് സ്കൂളുകളും, 38 ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളുമായി 77 ബഡ്സ് സ്ഥാപനങ്ങൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. 22 സ്ഥാപനങ്ങൾ ഉദ്ഘാടനം കഴിഞ്ഞ് ഉടൻ പ്രവർത്തനം ആരംഭിക്കുവാൻ തയ്യാറായിട്ടുണ്ട്. ഈ അധ്യയനവർഷത്തിൽ അവശേഷിക്കുന്ന 101 സ്ഥാപനങ്ങൾ കൂടി പ്രവർത്തനക്ഷമമാക്കുന്നതാണ്. കൂടാതെ സർക്കാർ ഈ വർഷം ബഡ്ജറ്റിൽ പ്രഖ്യാപിച്ച 100 ബഡ്സ് സ്ഥാപനങ്ങൾ കൂടി ആരംഭിക്കുവാൻ പദ്ധതിയുണ്ട്.

| | |
|---|---|
| (ബി) അശരണരുടെയും നിരാലംബരുടെയും അതിജീവനം സാധ്യമാക്കുന്ന അഗതിരഹിത കേരളം പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; | (ബി) അഗതി കുടുംബങ്ങളുടെ പുനരധിവാസം ലക്ഷ്യമിട്ട് കുടുംബശ്രീ നടപ്പിലാക്കി വന്നിരുന്ന ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട തുടർസേവനം ആവശ്യമുള്ളവരെയും പുതുതായി പദ്ധതി ഗുണഭോക്താക്കളാകേണ്ടവരെയും ഉൾപ്പെടുത്തി സമഗ്ര പദ്ധതി എന്ന നിലയിൽ അഗതിരഹിത കേരളം പദ്ധതിയ്ക്ക് 2017 ഒക്ടോബറിൽ തുടക്കം കുറിച്ചു. 2017-18 കാലയളവിൽ നടത്തിയ സർവ്വേയിൽ അഗതി രഹിത കേരളം പദ്ധതിയുടെ ഗുണഭോക്താക്കളായി 1,68,610 കുടുംബങ്ങളെയാണ് കണ്ടെത്തിയിട്ടുള്ളത്. ഇതിനോടകം 953 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിക്ക് അംഗീകാരം നൽകി പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. 55 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിക്ക് കൂടി ജൂൺ മാസത്തിൽ അംഗീകാരം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ബാക്കിയുള്ള 24 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണം തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ അന്തിമ ഘട്ടത്തിലാണ്. |
| (സി) പട്ടിക ഗോത്രവർഗ സ്ത്രീകളെയും അതുവഴി ആ കുടുംബാംഗങ്ങളെയും വികസന പൊതുധാരയിലെത്തിക്കാൻ കുടുംബശ്രീ നടത്തിവരുന്ന പ്രവർത്തനം വിശദമാക്കാമോ? | (സി) പട്ടിക ഗോത്രവർഗ സ്ത്രീകളെയും അതുവഴി ആ കുടുംബാംഗങ്ങളെയും വികസന പൊതുധാരയിലെത്തിക്കാൻ കുടുംബശ്രീ നടത്തിവരുന്ന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

- പട്ടികവർഗ്ഗക്കാർക്ക് വേണ്ടി പ്രത്യേക കുടുംബശ്രീ അയൽക്കൂട്ടങ്ങൾ രൂപീകരിച്ച പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- അയൽക്കൂട്ടാംഗങ്ങൾക്കുള്ള സാക്ഷരതാ പ്രവർത്തനങ്ങൾ, കണക്കെഴുത്ത് പരിശീലനം എന്നിവ സംഘടിപ്പിച്ച വരുന്നു.
- ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗസല്യ യോജനയുടെ (DDUGKY) ഭാഗമായി കുടുംബശ്രീ നേതൃത്വത്തിൽ പട്ടികവർഗക്കാർക്കു മാത്രമായി പ്രത്യേക മൊബിലൈസേഷൻ ക്യാമ്പുകൾ നടത്തുന്നു.
- ഊരുമൂപ്പൻമാർക്ക് പരിശീലനം നൽകി
- പട്ടികവർഗമേഖലയിലെ പ്രവർത്തനങ്ങൾ സമഗ്രമായി സംഘടിപ്പിക്കുന്നതിന് 225 പട്ടികവർഗ വിഭാഗക്കാരായവരെ അനിമേറ്റർമാരായി കണ്ടെത്തി കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാരായി നിയമിച്ചു. കുടുംബശ്രീയെ സംബന്ധിച്ചും നേതൃത്വപാഠം ഉൾപ്പെടുത്തി പരിശീലനം നൽകി.
- പട്ടികവർഗ്ഗ വിഭാഗക്കാരുടെ തനതുരീതികളും, പരമ്പരാഗത സംസ്കാരവും നിലനിർത്തുന്നതിന്റെ ഭാഗമായി ജില്ലാതല മേളകൾ സംഘടിപ്പിച്ച് പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത കരകൗശല വസ്തുക്കളുടെ വിപണനം, ഭക്ഷണങ്ങളുടെ കഫേ, വിവിധങ്ങളായ കലാരൂപങ്ങളുടെ അവതരണം എന്നിവ നടപ്പിലാക്കുന്നു.
- ജില്ലകളിൽ പരമ്പരാഗത ഉപജീവന സംരംഭത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള പിന്തുണാ സഹായം: പാരമ്പര്യ ഉപജീവന സംരംഭത്തെ സുസ്ഥിരമാക്കി നിലനിർത്തുന്നതിനു വേണ്ടി ഉൽപന്നങ്ങളുടെ വിപണനവും, പ്രദർശനമേളകളും സംഘടിപ്പിക്കുകയും ഈ ഗ്രൂപ്പുകളെ പങ്കെടുപ്പിക്കുകയും ചെയ്യുന്നു. ഇതിലൂടെ കേരളത്തിലെ കുടുംബശ്രീയുടെ പ്രധാന വിപണനശാലകളിൽ കരകൗശല വന ഉൽപ്പന്നങ്ങൾ വിപണിയിലെത്തിച്ച് സംരംഭകന് വരുമാനം ഉണ്ടാകുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- 2,093 പ്രത്യേക ഗോത്രവർഗ്ഗ ജെ.എൽ.ജികൾ, 1057 പട്ടികവർഗ്ഗ ബാലസഭകൾ, 3 ആദിവാസി പരിശീലന സംഘങ്ങൾ (വയനാട്-ട്രൈസാത്, കാസർകോഡ്-തുളു, ഇടുക്കി-മാസ്റ്റേഴ്സ്) എന്നിവ നിലവിൽ ഉണ്ട്.
- അട്ടപ്പാടിയിൽ ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ ഭാഗമായി നടത്തിയ സമഗ്ര ഇടപെടൽ രീതിയിൽ ആറു ജില്ലകളിൽക്കൂടി (വയനാട്-തിരുനെല്ലി, കണ്ണൂർ-ആറളം, മലപ്പുറം- നിലമ്പൂർ, കാസർഗോഡ്-കൊറഗ, പത്തനംതിട്ട- മലമ്പണ്ടാര) പട്ടിക വർഗ പ്രവർത്തനങ്ങൾ ആരംഭിച്ചു പ്രത്യേക അയൽക്കൂട്ടങ്ങൾ, തുടർച്ചയായ പരിശീലനങ്ങൾ,

ബ്രിഡ്ജ് സ്കൂൾ, ബ്രിഡ്ജ് കോഴ്സ്, കോർപ്പസ് ഫണ്ട്, സ്റ്റാർട്ട് അപ്പ് ഫണ്ട്, റിവോൾവിങ് ഫണ്ട്, വൾനറബിലിറ്റി റിഡക്ഷൻ ഫണ്ട്, കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ട്, ബാലസഭ, ജൻഡർ പ്രവർത്തനങ്ങൾ, പരമ്പരാഗത കൃഷി വികസന പരിപാടികൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

- ഭക്ഷണവിതരണ പ്രത്യേക പദ്ധതി - അന്നപ്രദായിനി, വയനാട് ജില്ലയിലെ തിരുനെല്ലിയിൽ പ്രവർത്തനം ആരംഭിച്ചു. നൂൽപ്പുഴ, കണിയാമ്പറ്റ പഞ്ചായത്തുകളിൽ പ്രാരംഭ പ്രവർത്തനം നടന്നുവരുന്നു.
- ആലപ്പുഴ ജില്ലയിൽ ചിതറികിടക്കുന്ന ഉള്ളാട വിഭാഗക്കാരായ പട്ടികവർഗ്ഗക്കാരുടെ മൈക്രോ പ്ലാൻ തയ്യാറാക്കി വിവിധ വകുപ്പുകളുടെ സംയോജന പ്രകാരം വ്യക്തിഗത അവകാശ പദ്ധതി ആസൂത്രണം ചെയ്യാൻ സാധിച്ചു. ആലപ്പുഴ നിയോജകമണ്ഡലത്തിലെ 144 വീടു കളിൽചെന്ന് പ്ലാൻ (Individual Right Plan) തയ്യാറാക്കി ഗവൺമെന്റിൽ സമർപ്പിച്ച്, അംഗീകാരം വാങ്ങി പ്രവർത്തനം നടന്നു വരുന്നു. തുടർന്ന് കേരളത്തിലെ ചിതറികിടക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്കാവശ്യമായ മൈക്രോ പ്ലാൻ തയ്യാറാക്കി പ്രവർത്തിക്കുന്നതിനു പട്ടികവർഗ്ഗ വികസന വകുപ്പ് കുടുംബശ്രീയെ തിരഞ്ഞെടുത്തു.
- ഗ്രൂപ്പ് ഫാം, നോൺ ഫാം പ്രവർത്തനങ്ങൾ: മൃഗസംരക്ഷണ മേഖലയിൽ മുട്ടക്കോഴി വളർത്തൽ, ആട് വളർത്തൽ വ്യക്തിഗത യൂണിറ്റു കൾ ആരംഭിക്കുന്നതിനുള്ള സഹായം നൽകി വരുന്നു.
- ജെഎൽജി കോർപ്പസ് ഫണ്ട്: ജെ.എൽ.ജി ഗ്രൂപ്പുകൾക്ക് പ്രാരംഭ പ്രവർത്തന സഹായമായി 4,000 രൂപ നൽകുന്നു.
- ബ്രിഡ്ജ് കോഴ്സ്: 34 ഊരുകളിൽ പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി അവർക്ക് ട്യൂഷൻ സഹായം നൽകുന്ന പ്രവർത്തനം. ഇതിലൂടെ 750 കുട്ടികൾ സ്ഥിരമായി സ്കൂളിൽ എത്തുന്നുണ്ടെന്നും വിദ്യാഭ്യാസ നിലവാരം മെച്ചപ്പെട്ടുവെന്നും ഉറപ്പുവരുത്തുന്നു.
- മത്സര പരീക്ഷ പരിശീലനം : 14 ജില്ലകളിൽ തുടർച്ചയായി 6 മാസം മത്സര പരീക്ഷാ പരിശീലനം സംഘടിപ്പിച്ച് പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളെ വിവിധ മത്സര പരീക്ഷ എഴുതുന്നതിന് തയ്യാറാക്കുന്നു. ഇതിലൂടെ 750 പേർക്കെങ്കിലും ഉയർന്ന സർക്കാർ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് പിന്തുണ നൽകും.
- അയൽക്കൂട്ട കോർപ്പസ് ഫണ്ട്: പുതിയതായി രൂപീകരിക്കുന്ന അയൽക്കൂട്ടങ്ങൾക്ക് പ്രാരംഭ പ്രവർത്തനങ്ങൾക്കായി 15,000 രൂപ കോർപ്പസ് ഫണ്ട് നൽകുന്നു. ഇതിലൂടെ അയൽക്കൂട്ടത്തിന് വായ്പ ലഭ്യമാക്കുന്ന പ്രവൃത്തി ആരംഭിച്ച് അയൽക്കൂട്ട പ്രദേശത്ത് നിലവിലുള്ള മറ്റു പണമിടപാടുകാരുടെ ചൂഷണത്തിൽ നിന്നും വിമുക്തരാക്കാൻ സാധിക്കും.